വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024
ജൂൺ 16

ശ്ലീഹാ അഞ്ചാം ഞായർ

മൂന്നാം ക്രിസ്തു എന്തേ പിറക്കുന്നില്ല?

പുറ 7:1-6; ജറെ 11:18-23; 2 കോറി 4:7-18, മത്താ 10:16-33

വർഷം : 2018, മാസം/തീയതി:ഏപ്രിൽ 21

സമയം 8:45: പശ്ചാത്തലത്തിൽ ദിലീപിന്റെ ജോർജ്ജേട്ടൻസ് പൂരം എന്ന സിനിമയിലെ 'ഒടുവിലെ യാത്രയ്ക്കായിന്നു, പ്രിയ ജനമേ ഞാൻ പോകുന്നു' എന്ന ഗാനം പതിഞ്ഞ സ്വരത്തിൽ കേൾക്കുന്നുണ്ട്.

കനകക്കുന്ന് ഉണ്ണിമിശിഹാപള്ളിയിലെ പ്രഥമ വൈദികനായ ഉത്തരേന്ത്യയിലെ പട്ടിണി പാവങ്ങളുടെ ക്രിസ്തു എന്നറിയപ്പെട്ടിരുന്ന ജോണിയച്ചന്റെ ഏഴാം ചരമ ദിനമാണിന്ന്. ജോണിയച്ചന്റെ ജീവിതം പോലെ ലളിതമാണ് മരണാനന്തര ചടങ്ങുകളും, സ്വന്തമായി കല്ലറയില്ല, കുഴിമാടത്തിൽ ആർഭാടം തുളുമ്പുന്ന പൂക്കൾകൊണ്ടുള്ള ബൊക്കെകളും ഇല്ല. സെമിത്തേരിയിൽ നിന്നും നടന്നു പോവുന്നവരുടെ കൈകളിൽ കുഴിയുടെ അരികെനിന്നും ലഭിച്ച പലതും ഉണ്ട്. നാളെ ഒരിക്കൽ വിശുദ്ധൻ ആയി തീർന്നേക്കും എന്നടക്കം പറയുന്ന അവരിൽ പലർക്കും തിരുശേഷിപ്പ് എന്ന് പറയാൻ ഒന്നും ലഭിച്ചിട്ടില്ല, കാരണം ജോണിയച്ചന് ആകെ ഉണ്ടായിരുന്നത് രണ്ടു ളോഹ, രണ്ടു ഷർട്ട്, രണ്ടു പാന്റ്സ് എന്നിങ്ങനെ കയ്യിൽ എണ്ണാവുന്ന വസ്തുക്കൾ മാത്രം. വിശുദ്ധനാക്കാൻ സഭ തീരുമാനിച്ചാൽ പോലും തിരുശേഷിപ്പ് എന്ന് പറയാൻ പോലും ഒന്നും ബാക്കി വയ്ക്കാതെ പോയ വൈദികൻ.

സമയം 9:25 : ഉണ്ണിമിശിഹാ പള്ളിമേടയോടു ചേർന്നുള്ള ചെറിയ മുറിയിൽ 12 കുട്ടികൾ നിരത്തിയിട്ട കസേരകളിൽ ഇരിപ്പുണ്ട്. അതെ മുറിയോട് ചേർന്നുള്ള ചായ്പ്പിൽ അവരുടെ സൈക്കിളുകളും പാർക്ക് ചെയ്തിട്ടുണ്ട്. സ്വന്തം സൈക്കിളിന്റെ പൊങ്ങച്ചം വിവരിച്ചു കൊണ്ട് കുട്ടികളിൽ ചിലർ കൂട്ടം കൂടി നിന്ന് സംസാരിക്കുന്നുണ്ട്, വേറെ ചിലർ ജോണിയച്ചന്റെ കേട്ടിട്ടുള്ള ഓർമ്മകൾ പരസ്പരം വച്ച് കാച്ചുന്നുണ്ട്..

സമയം 9:30: ഉണ്ണിമിശിഹാ പള്ളിയുടെ വികാരിയച്ചൻ മുറിയിലേക്ക് ജിൽജിൽ ആയി ഓടി വരുന്നു.

സന്തോഷ് സെബാസ്റ്റ്യൻ മറ്റത്തിൽ

കോറസിൽ 'ഈശോ മിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്ന് കേട്ടതും വികാരിയച്ചന്റെ കൈകൾ ഉയർന്നു പൊങ്ങി, ഒരു ആശീർവാദം കണക്കെ. എല്ലാവരും തത്സ്ഥാനങ്ങളിൽ ഇരുന്നു.

വികാരിയച്ചൻ ഈ എളിയവനെയും കൂട്ടിയിട്ടുണ്ട്. ഞാൻ ആരെന്നല്ലേ?

ഈ പള്ളിയിൽ തിരുബാലസഖ്യം വഴി വളർന്നു വലുതായ ഞാൻ അവധിക്കു കാനഡയിൽ നിന്നും വന്നപ്പോൾ അച്ചനോട് കുശലം പറയാൻ വന്നതാണ്. പക്ഷെ ദൈവവിളി ദിനമായ ഇന്ന്, എന്തിനാണ് കുട്ടികളോടൊപ്പം വികാരിയച്ചൻ എന്നെയും കൂട്ടിയത് എന്ന സംശയം എന്നിലുണ്ട്, എങ്കിലും സംശയമൊക്കെ അടക്കി ഞാനും ഒരു കസേരയിൽ ഇരുന്നു.

വികാരിയച്ചൻ തൊട്ടുപിന്നാലെ ബൈബിൾ എടുത്തുകൊണ്ടു ഇങ്ങനെ തുടർന്നു - ചങ്ങാതിമാരെ ഇന്ന് ദൈവവിളിദിനം ആണ് എന്ന് നിങ്ങൾക്കറിയാമല്ലോ. അതുകൊണ്ടുതന്നെ ഇന്ന് കേൾക്കാൻ പോവുന്നത് മത്തായിയുടെ സുവിശേഷം പത്താം അധ്യായം 16 മുതൽ 33 വരെ യുള്ള വാക്യങ്ങളാണ്. തുടർന്ന് അച്ചൻ ബൈബിൾ വായിച്ചു തീർന്നപ്പോൾ എല്ലാവരോടും ഇരിക്കുവാൻ പറഞ്ഞുകൊണ്ട് അച്ചൻ തുടർന്നു.

ചങ്ങാതിമാരെ എന്റെ പ്രായം 29, ഒരു പക്ഷെ നിങ്ങളെക്കാൾ 10-13 വർഷങ്ങളുടെ മൂപ്പെനിക്കുണ്ട്, വർഷങ്ങൾക്കു മുൻപ് സെമിനാരിയിൽ ചേരുവാനുള്ള എന്റെ തീരുമാനത്തിന് ഊടും പാവും നൽകിയ ഒരു വിശുദ്ധനായ വൈദികന്റെ ഏഴാം ചരമദിനത്തിൽ എനിക്ക് നിങ്ങളോടു പ്രസംഗിക്കുന്നതിനേക്കാൾ എളുപ്പം, അദ്ദേഹം ഈ ദേവാലയത്തിൽ താമസിച്ചപ്പോൾ അവശേഷിപ്പിച്ചുപോയ മുറിയിലെ 2 തിരുശേഷിപ്പുകളാണ്.

343

343 എന്താണ് എന്നല്ലേ? വായിച്ചു കേട്ട സുവിശേഷത്തിൽ പറയുന്നത് പോലെ ജോണിയച്ചൻ തന്റെ മിഷൻ ജീവിത കാലത്തു എട്ടു മാസത്തോളം ഉത്തരേന്ത്യയിലെ ഒരു ജില്ലാ ജയിലിൽ കഴിയേണ്ടതായി വന്നിട്ടുണ്ട്.

റാം നഗർ എന്ന ജില്ലയിൽ ആദ്യമായി വിദ്യാഭ്യാസത്തിനായി ഒരു പ്രൈമറി സ്കൂൾ തുടങ്ങുന്നത് ജോണി അച്ചനാണ്. ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടിനെ പോലെയാണ് അച്ചൻ അന്ന് ഗ്രാമത്തിൽ എത്തുന്നത്. കുറഞ്ഞ കാലം കൊണ്ട് അച്ചൻ പട്ടിണി, കടം കയറുന്ന കൃഷി പോലുള്ള ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി, അതോടൊപ്പം അച്ചൻ അവരുടെ വരും തലമുറക്കായി ഒരു സ്കൂളും തുടങ്ങി. പക്ഷെ ജില്ലയിലെ സാധാരണക്കാരുടെ ഉന്നമനം ആഗ്രഹിക്കാത്ത ചില രാഷ്ട്രീയക്കാർ അച്ചനെ 'മതപരിവർത്തനം' എന്ന കുറ്റം ചുമത്തി ന്യായാധിപ സംഘത്തിന് ഏല്പിച്ചു കൊടുത്തു.

'എല്ലാ ദിവസവും സുവിശേഷം ജീവിക്കുക, ആവശ്യമെങ്കിൽ മാത്രം പ്രസംഗിക്കുക' - Francis Assisi

ഫ്രാൻസിസ്കൻ കപ്പുച്ചിൻ സഭാംഗമായ ജോണിയച്ചൻ അക്ഷരാർത്ഥത്തിൽ ക്രിസ്തുവായി ജീവിക്കുകയായിരുന്നു, അതിനിടയിൽ പ്രസംഗിക്കാൻ അദ്ദേഹം മറന്നു. പ്രസംഗിക്കാൻ മറന്നു പോയതുകൊണ്ട് മാത്രം, കോടതിയിൽ പോലും പ്രാവിനെ പോലെ അദ്ദേഹം നിഷ്കളങ്കനായിരുന്നു- വാദിക്കാൻ വക്കീലിനെയും വച്ചില്ല. ഒടുവിൽ 10 മാസങ്ങൾക്കപ്പുറം മുന്നൂറ്റി നാല്പത്തിമൂന്നാം നമ്പർ ജയിൽവാസിയെ കോടതി തെളിവുകളുടെ അഭാവത്തിൽ വെറുതെ വിട്ടു. പൗലോസ് ശ്ലീഹ കൊറിന്തിയയിലെ സഭയോട് പറയും പോലെ സ്വന്തം ശരീരത്തിൽ യേശുവിന്റെ ജീവൻ പ്രത്യക്ഷമാവേണ്ടതിനു ജീവിച്ചിരുന്നപ്പോൾ ജോണിയച്ചൻ സദാ മരണത്തിനു ഏൽപ്പിച്ചുകൊടുത്തു. അങ്ങനെ 343 എന്ന നമ്പർ ഇന്ന് എന്റെയും സഭയുടെയും പ്രചോദനമാണ്, പ്രതീക്ഷയാണ്.

50 രൂപയും 5 രൂപയുടെ 4 തുട്ടുകളും

ജീവിതം തന്നെ സാക്ഷ്യമാക്കി മാറ്റിയ ഒരു മൂന്നാം ക്രിസ്തു നമ്മളുടെയിടയിൽ ജീവിച്ചിരുന്നു എന്ന് സൂചിപ്പിച്ചു കൊണ്ട് വികാരി യച്ചൻ കൈയിൽ കരുതിയിരുന്ന ഒരു ഇരുമ്പു പെട്ടി തുറന്നു. ഈ പെട്ടി ഒരു പക്ഷെ പിൽക്കാലത്തു ഒരു തിരുശേഷിപ്പ് ആയി തീർന്നേക്കാം എന്ന് പറഞ്ഞു കൊണ്ട് ആ ഇരുമ്പു പെട്ടിയിൽ നിന്നും 50 രൂപയും 5 രൂപയുടെ 4 തുട്ടുകളും എടുത്തു. 79 വയസ്സ് വരെ ജീവിച്ച ഒരു പച്ച മനുഷ്യന്റെ ഒടുവിലത്തെ സമ്പാദ്യം എന്ന് പറഞ്ഞുകൊണ്ട് വികാരിയച്ചൻ തുടർന്നു.

മരിക്കുന്നതിന് ഒരാഴ്ച മുൻപ്, വികാരിയച്ചൻ പള്ളിയിൽ ഇല്ലാതിരുന്ന ദിവസം സഹായം അഭ്യർത്ഥിച്ചു വന്ന സഹോദരനായി ജോണി യച്ചൻ തന്റെ കയ്യിലുണ്ടായിരുന്ന ആ ഇരുമ്പു പെട്ടി അങ്ങനെ തന്നെ കൊടുത്തു എങ്കിലും, വന്ന സഹായാർത്ഥിക്കു അച്ചനെ അറിയാവുന്നതു കൊണ്ടും അച്ചന്റെ കയ്യിൽ വേറെ ഒന്നും ഇല്ല എന്ന് മനസ്സിലാക്കിയതു കൊണ്ടും നിർബന്ധത്തിനു വഴങ്ങി ആ പെട്ടിയിൽ നിന്നും ഭക്ഷണത്തിനുള്ള 30 രൂപ എടുത്തതിനു ശേഷം ബാക്കി വന്ന, ആ 70 രൂപയാണ് ഇന്ന് നമ്മുടെ കണ്മുന്നിൽ ഉള്ള ഈ തുട്ടുകൾ.

സമയം 10.30 - വികാരിയച്ചൻ വാച്ചിലേക്ക് നോക്കുന്നത് ഞാൻ ശ്രദ്ധിച്ചു, പിന്നീട് അദ്ദേഹം കുറച്ചു സ്പീഡിൽ തുടർന്നു:'നിങ്ങളിൽ ആരൊക്കെ ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ ആവും എന്ന് എനിക്കോ നിങ്ങൾക്കോ അറിയില്ല. പക്ഷെ ഒന്ന് ഞാൻ പറയാം ഫ്രാൻസിസ് അസീസിക്കുശേഷം ഒരു മൂന്നാം ക്രിസ്തു എന്തേ പിറക്കുന്നില്ല എന്ന ചോദ്യത്തിന്റെ ഉത്തരം ആണ് ഞാനും നിങ്ങളും.

ഒന്നുറപ്പിച്ചു പറയാം ഈ കാണുന്ന മനുഷ്യരുടെ മുന്നിൽ ഈശോയെ ഏറ്റുപറയുന്നവനെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുന്നിൽ ഈശോയും ഏറ്റു പറയും.'

മുറിയിൽ നിന്നും കുട്ടികൾ എല്ലാം മടങ്ങി, എങ്കിലും കുശലം പറയാൻ വന്ന എന്റെ ഉള്ളിൽ ഒരു ചോദ്യം ഒരു പ്രകമ്പനം കണക്കെ തുടർന്നു 'ഒരു മൂന്നാം ക്രിസ്തു എന്തേ പിറക്കുന്നില്ല'

വർഷം : 2030 മാസം/തീയതി : ഏപ്രിൽ/21

സമയം : 8:45

നാളെ എന്റെ ഇടവകയുടെ ദൈവവിളി ദിനത്തിൽ പ്രസംഗിക്കുവാൻ കുറിച്ച് വച്ച ഈ കുറിപ്പ് ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു. നന്ദി

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com